GHSS എളങ്കുന്നപ്പുഴ



# വിരൽത്തുമ്പിൽ

2018

വരകളുടെ
രാജാവ്
ഇർഫാൻ

സ്റ്റാഫ്
റൂമിലെ
അടുക്കളചരിതം

# ഞങ്ങട ദ്വീപ്

# വൈപ്പിൻ



കേരളത്തിലെ എറണാകുളം ജില്ലയിലുള്ള ഒരു ദ്വീപാണ് **വൈപ്പിൻ.** 26 കിലോമീറ്റർ നീളവും.ശരാശരി 5 കിലോമീറ്റർ വീതിയുമുള്ള ഈ ദ്വീപ് 1331 ൽ ആണ് രൂപംകൊണ്ടത്.കടൽ വെച്ചുണ്ടായത് കൊണ്ടാണ് വയ്പ്പ് എന്ന് വിളിക്കുന്നത്. ലോകത്തെ തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള ദ്വീപാണ് വൈപ്പിൻ.തെക്ക്-കൊച്ചിൻ അഴിമുഖം,കൊച്ചിൻ കോർപ്പറേഷൻ ഒന്നാം ഡിവിഷൻ പരിധിയിൽപെടുന്ന തെക്കേയറ്റം വൈപ്പിൻ എന്ന പേരിൽ തന്നെ അറിയപ്പെടുന്നു. തുടർന്ന് വടക്കോട്ട് പല പേരിലുള്ള ദ്വീപിലെ ഗ്രാമങ്ങൾ വൈപ്പിൻകര എന്ന

പൂർണനാമത്തിൽ വടക്ക് മുനമ്പം അഴിയിൽ അവസാനിക്കുന്നു. ഈ മുനമ്പം അഴിയാണ് ചരിത്രത്തിൽ മുസിരിസ് എന്നറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ തുറമുഖമായിരുന്നത്(1341 ലെ പ്രളയത്തിൽ ഈ തുറമുഖത്തിന് ആഴം കുറഞ്ഞ് പോയി) പടിഞ്ഞാറ്- അറബിക്കടൽ. ടൂറിസ്റ്റുകളുടെ പ്രധാന സന്ദർശന കേന്ദ്രങ്ങളായ പുതുവൈപ്പ്ബീച്ച്,ചെറായിബീച്ച് എന്നിവ ഈ തീരങ്ങളിലാണ്. കിഴക്കിന്റെ അതിർ ഭംഗിയായ പുഴയോരത്ത് നിന്ന് നോക്കിയാൽ വല്ലാർപാടം, പനമ്പുകാട്, കടമക്കുടി, ചാത്തനാട്, കുനമ്മാവ്, കോട്ടുവള്ളി, കുഞ്ഞിത്തൈ, മാല്യങ്കര എന്നീ പച്ചത്തുരുത്തുകളുടെ മനോഹാരിത കാണാം, കടലും, കായലും ഉള്ളതിനാൽ മത്സ്യബന്ധനത്തെ ആശ്രയിച്ചുള്ള തൊഴിലുകളും, ഫിഷിംഗ്ഹാർബറുകൾ വഴിയുള്ള

വ്യവസായങ്ങളും കൂടുതലായി നടക്കുന്നു. കൊച്ചിയിലേക്ക് വരുന്ന കപ്പലുകളെ സ്വാഗതം ചെയ്യാനെന്ന പോലെ വൈപ്പിന്റെ തെക്കെയറ്റത്ത് പുഴവക്കിൽ നിര നിരയായി നിൽക്കുന്ന ചീന വലകൾ അവസാനിക്കുന്ന കടൽത്തീരത്ത് 6 കിലോ മീറ്റർ നീളത്തിലായി എൽ.എൻ.ജി, എസ്.പി.എം, ഐ.ഒ.സി, എന്നി പദ്ധതികൾ കോടിക്കണക്കിന് രൂപ മുതൽ മുടക്കി പൂർത്തികരണത്തിലെത്തിയിരിക്കുന്നു.

## ഗോശ്രീ പാലങ്ങൾ



മുളവുകാടിനെയും

വല്ലാർപാടത്തെയും

ബന്ധിപ്പിക്കുന്ന ഗോശ്രീ പാലം.

തെക്കു കിഴക്കു നിന്നുള്ള കാഴ്ച.

ഗോശ്രീ ജംഗഷനിൽ{വൈപ്പിൻ) നിന്നുള്ള മൂന്ന്

പാലങ്ങൾ വൈപ്പിൻ ദ്വീപിനെ എറണാകുളവുമായി ബന്ധിപ്പിക്കുന്നു. ഫോർട്ട് കൊച്ചിയിൽ നിന്ന് വൈപ്പിനിലേക്ക് സ്ഥിരമായി ഗതാഗത ബോട്ടുകൾ ലഭിക്കും. 2005-ൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) ഒരു പാലം നിർമ്മിച്ച് ദ്വീപിനെ കരയുമായി ബന്ധിച്ചു.സഹോദരൻ അയ്യപ്പൻ വിഭാവനം ചെയ്ത ഗോശ്രീ പാലം എന്ന് അറിയപ്പെടുന്ന ഈ പാലം വൈപ്പിനെ കൂടാതെ മുളവുകാട് (ബോൾഗാട്ടി) ,വല്ലാർപാടം ദ്വീപുകളെയും ബന്ധിപ്പിക്കുന്നു. ഇന്ന് കൊച്ചി നഗരത്തിലെ അതിവേഗം വികസിക്കുന്ന ഒരു പ്രാന്തപ്രദേശമാണ് വൈപ്പിൻ. ആധുനിക ജീവിതത്തിന്റെ എല്ലാ സൗകര്യങ്ങളും ഇന്ന് വൈപ്പിനിൽ ലഭ്യമാണ്.ഒരുപാടു ചരിത്രം നിറഞ്ഞു നിൽക്കുന്ന ഒരു ദ്വീപാണിത് . 600 വർഷം മുൻപ് രൂപം

കൊണ്ടതാണ് ഈ ദ്വീപ്. അറബിക്കടൽ അൽപ്പം പിന്നിലേക്ക് മാറിയപ്പോൾ ഇത്തരം ഒരു ദ്വീപു രൂപം കൊണ്ടു  കടൽ വച്ച് ഉണ്ടായ കര എന്ന അർത്ഥമാണ് *വൈപ്പിൻ കര എന്നത്*.

## ദ്വീപിലെ ഗ്രാമങ്ങൾ

- *പുതുവൈപ്പ്*
- മാലിപ്പുറം
- എളംകുന്നപ്പുഴ
- ഞാറക്കൽ
- നായരമ്പലം
- എടവനക്കാട്
- കുഴുപ്പിള്ളി
- അയ്യമ്പിള്ളി
- ചെറായി
- പള്ളിപ്പുറം
- മുനമ്പം

# ഗ്രാമമല്ലാത്ത ഗ്രാമം

ഗ്രാമത്തിൻറെ ഗന്ധവും സ്വഭാവവും ഇല്ലാത്ത ഗ്രാമം എന്നാണ് ഞാൻ എന്റെ ദേവലോകത്തെ വിളിക്കുന്നത്. എറണാകുളം പട്ടണത്തിന്റെ കോണിൽ ഗ്രാമത്തിന്റെ എല്ലാ ഊ ഷ്മളതയും എല്ലാ സ്വഭാവ വിശേഷവുമുള്ള എന്റെ ഗ്രാമം. പാടവും വയലും, തൊടി യും കുളവും ആറും തോടും കൊയ്ത്തും കൊയ്ത്തുപാട്ടുമുള്ള എന്റെ ദേവലോകം.

ഗ്രാമത്തിന്റെ ഒത്ത നടുക്ക് അങ്ങ് ദൂരെ ദൂരെ നിന്നുപോലും കാണാവുന്ന വല്ലാർപാടം പള്ളിയുടെ



പള്ളികുരിശ്. പഴയ ക്രിസ്തിയതറവാടുകളുടെ ഒരു വലിയ ശേഖരം ഉറച്ചകരിങ്കൽ മതിലുപോലെ എന്റെ

ഗ്രാമത്തിന് ഉറപേകുന്നു മാധ്യമലോകത്തിൽ അതിജീവമായ ഒരു കുടുംബം ആയുർവേദത്തിന്റെ ഏടുകൾ അതീവ ശ്രദ്ധയോടെ ഉരുത്തിരിയുന്ന മറ്റൊരു കുടുംബം. പിന്നീട് ഇടത്തുംവലത്തുമായി കുടുംബ പാരമ്പര്യത്തിന് മുത്തുക്കുടകൾ ഉള്ള പല വീടുകളും ഉണ്ട്.

ഇതിനൊക്കെ, ഇടയ്ക്ക് തെ ളിഞ്ഞ അതി രാവിലെകളിൽ അങ്ങു ദൂരെ പിരമിഡിന്റെ മലനിരകൾ കാണാം അങ്ങു താഴെ കൊല്ലടു ഭാഗത്തെ ഭാഗത്തെ വയലുകളുംആറുകളും മുട്ടിയുരുമ്മി കിടക്കുന്നു. യാക്കോബ് പള്ളിയുടെ ഇടതുവശത്തായി NGO ക്വാട്ടേഴ്സിന്റെ നിര നിരയായ വീടു കളും ഇന്ദിരാനഗറിന്റെ ഓര കെട്ടിടങ്ങളും ഒരുമിച്ചു കൈകോർത്തുപിടിച്ച് ചെറിയ മലഞ്ചരുവിൽ ചാരിക്കിടക്കുന്നു. ഇതിനിടെ ഗവൺമെന്റ് സ്കൂളിലെ മണിയടി ശബ്ദവും വല്ലാർപാടം പള്ളിയുടെ മുന്നിൽ

കയറി വരുന്ന ട്രാൻസ്പോർട്ട് ബസിന്റെ ശബ്ദവും വല്ലാർപാടത്തെ ഗ്രാമം അല്ലാതാക്കുന്നു. പള്ളി ബസ്സ്റ്റോപ്പിന്റെ മുൻപിലുള്ള ചായക്കടയും അവിടത്തെ റേഡിയോയിലെ ആകാശവാണിയും ഇതെല്ലാം കൂടിച്ചേർന്ന് ഒരു ഗ്രാമത്തിന്റെ എല്ലാ സൗന്ദര്യവും എന്റെ ഗ്രാമത്തിന് ഉണ്ട് വയലും കുളവും ഇന്നത്തെ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറി കൊടുക്കുന്നുണ്ട്. ഇവയ്ക്കിടയി പഴയ പുരാതനമായ അരയും നിരയും മച്ചും ഉള്ള വീടുകൾ ധാരാളമാണ് കൂടെ, ഓരം ചാരിവീടിന്റെ ഒരു എക്സ്ട്ര മുറിപ്പിടിക്കുന്നതിന്റെ കൂട്ടത്തിൽ വന്ന ബേക്കർ കൺസ്ട്രഷൻ ഏച്ചുകെട്ടുള്ളവയുമുണ്ട് സാത്വിക സൗന്ദര്യത്തിന്റെ മൂടൽമഞ്ഞിൽ പൊതിഞ്ഞ എന്റെ കൊച്ചുവലിയ ഗ്രാമം. ഈ വഴിയിലൂടെ നടക്കുമ്പോൾ ഇന്നും എനിക്ക് കടന്നു പോയ ഗ്രാമത്തെ ,വേദനയോടെ ഓർക്കാൻ സാധിക്കുന്നുണ്ട്......എന്റെ മനസ്സുകൊണ്ട് മഴതോർന്ന

പല സന്ധ്യകളിലും സ്വപ്നത്തിന്റെ ആർദ്രതയിൽ, ഞാൻ ഓർക്കാറുണ്ട്. എന്റെ വേദനകളെ ,തേങ്ങുന്ന മനസ്സുമായി ഞാൻ നടന്നകന്നു.

പലപ്പോഴും നഷ്ടപ്പെടലും എനിക്കിനിും ഓർക്കാൻ വയ്യ. പക്ഷേ വീണ്ടും ......

തനിച്ചാകുമ്പോൾ എന്തൊയ്ക്കെയോ ആരോടെന്നറിയില്ല.......ഇപ്പോൾ ഈ കഥ പറയാൻ വാക്കുകൾക്കകായി ഒരുപാട് തിരക്കേണ്ടിയിരിക്കുന്നു.ഒരു പക്ഷേ പറയാതെ ഇരുന്നു ദ്രവിച്ച് എന്റെ വാക്കുകളും എനിക്ക് നഷ്ടപ്പെടുകയായിരിക്കാം അർദ്ധോക്തിയിൽ നിർത്തിയപ്പോയ ഗ്രാമവർണന .സ്വപ്നഭൂമിയെക്കുറിച്ചു തുടർന്നെഴുതി ഒരു മാതിരി എല്ലാ ഗ്രാമങ്ങളും ഇതുപോലെയൊക്കെയല്ലേ? ഗ്രാമങ്ങളുടെ മുകഛരായ മാറി മറിയുകയാണ് ! നാട്ടിലേക്കുള്ളഓരോയത്രയയിലും അത് വേദനയോടെ മനസ്സിലാവുന്നു! വികസനമല്ല –

വികസനമെന്നും പറഞ്ഞ് കാണിച്ചു കൂട്ടുന്ന കോപ്രായങ്ങൾ എങ്കിലും എന്റെതെന്നു വിശേഷിപ്പിക്കാവുന്ന

ഞാൻ മാത്രം ,

മനസ്സിലാക്കിയ ഗ്രാമമല്ലാത്ത

കൊച്ചു വലിയ ഗ്രാമം.

0000000000

# കൊച്ചു ഗ്രാമം

അകലെയാണ് അകലെയാണ്

എന്റെ ഗ്രാമം

അവിടെയാണ് അവിടെയാണ്

എന്റെ പ്രാണൻ

കൊന്നപൂത്തു വീണൊഴുകുന്ന

തോടുകൾ അതിരിട്ട ചെളിവരമ്പത്ത്

കൊറ്റികൾ പിന്നെയാ

മൈനകൾ കാക്കകൾ

കാട്ടുകോഴിക്കൂട്ടമൊക്ക

ചേക്കേറുമാ കാടുകൾ

::::::::::::::::::::::::::::

# ഇത് എന്റെ നാട്

(*കവിത*)

പച്ചപനതത്ത തത്തികളിക്കുന്ന

പച്ചവിരിച്ചൊരു നെൽപ്പാടം

ഗ്രാമലക്ഷ്മിമാർ ഉഴുതുമറിക്കും

പൊന്നുവിളയുന്ന നെൽപ്പാടം

കൂട്ടികൾ ഓടിനടന്നും, കളിച്ചും

ചിരിച്ചും നടക്കുന്ന എന്റെ ഗ്രാമം

പച്ചപുതച്ചൊരു മുണ്ടകൻ പാടത്തിൻ

അരികിലായാണെന്റെ കൊച്ചു വീട്

പച്ചപനതത്ത തത്തികളിക്കുന്ന

പച്ച വിരിച്ചൊരു നെൽപ്പാടം

# കേരളീയ ഗ്രാമം

(ആസ്വാദനക്കുറിപ്പ്)

നാട്ടിൻ പുറം ഏറേ രമണീയമാണ് . നാട്ടിൻ പുറത്ത് മരങ്ങൾ കിടയിലൂടെ കുളിർക്കാറ്റ് സംഗീതം പൊഴിച്ചു കൊണ്ട് സഞ്ചരിച്ചു.ചെറിയ നീർച്ചാലുകൾ ഒന്നുചേർന്ന് പുഴയായി ഒഴുകി ഗ്രാമത്തിന്റെ ആത്മാവിൽ ചന്ദനത്തിരിയുടെ സുഗന്ധം നിറഞ്ഞു നിന്നു. പച്ചപ്പട്ടുവിരിച്ച പാടശേഖരങ്ങൾ കാറ്റിൽ ആടിക്കളിക്കുന്നത് കാണാം. കാലത്തിന്റെ വേഷപ്പകർച്ചകൾ കൃഷി ഭൂമിയിൽ നിന്നു മനസ്സിലാക്കാം കന്നികൊയ്ത്തു കഴിയുമ്പോൾ അത് ഉഴുതുമറിച്ച മണ്ണായിമാറുന്നു തുലാമഴ നനഞ്ഞു കുതിന്ന് വിത്തുകൾ മുളപൊട്ടി തളിരുകൾ പുറത്തുവരുന്നു .ചുറ്റും നിറഞ്ഞു നിൽക്കുന്ന പച്ചപ്പ് കണ്ണിനു കുളിർമ നൽക്കുന്നു.പ്രഭാതത്തിൽ മഞ്ഞിൻത്തുള്ളികൾ നിറഞ്ഞു നിൽക്കുന്നു. നെൽചെടികൾ കാണാൻ എന്തു ഭംഗിയാണ്! കുംഭച്ചൂടിൽ

*പവിഴവർണ്ണത്തിൽ നെൽക്കതിരുകൾ നിൽക്കുമ്പോൾ കൊയ്ത്തുകാലം എത്തുകയായി.ഋതുക്കളുടെ ഭാവമാറ്റം വയലിൽ നിന്ന് വയിക്കാം . മരത്തൊമ്പി ലിരുന്ന് ഒറ്റക്കണ്ണനായ ചകോരം ഉറ്റുനോക്കുന്നതു കാണാം. വയൽക്കര യിൽ കൊറ്റികൾ തപസ്സുചെയ്യുന്നതും കാണാം ഈ ഗ്രാമം ചിത്രങ്ങൾ മനസ്സിൽ നിന്ന് മായുകയില്ല.*

##########

# എന്റെ പ്രകൃതി

എന്റെ പ്രകൃതിയാണെൻ ശ്വസനം

എൻ ജീവതാളമാം ഈ സുദിനം

ജീവിത വിജയമാണീ സുദിനം

ഭുമിയാണെന്നമ്മ കുട്ടിതൻപ്രകൃതിയും

കാടുകളും പുല്ലുകളും എൻശ്വാസ

ത്താൽ പാറിപ്പറക്കുന്നു .

നിന്നോടെനിക്കുള്ള സ്നേഹത്തിൻ

ഓലകൾ ആടികളിക്കുന്നു

പ്രകൃതിതൻ ജീവശ്വാസനം

എന്നുടെ പൊൻ സുദിനം

എന്റെ പ്രകൃതിയാണെൻ ശ്വസനം

എൻ ജീവിതാളമാം ഈ സുദിനം.

# എന്റെ നാട്

(ആസ്വാദനക്കുറിപ്പ്
)

എന്റെ നാടാണ് വൈപ്പിൻ . എത്ര സുന്ദരമായ നാടാണ് വൈപ്പിൻ. തീരദേശപ്രദേശമേഖലയാണ് ഈ നാടിന്റെ പ്രത്യേകത .മനോഹരമായ ഈ നാടിന്റെ ഭംഗി വിവരിച്ചിരിക്കുന്നത് തോടുകളും പുഴകളും പിന്നെ അതിന്റെ ചുറ്റുമുള്ള കണ്ടൽക്കാടുകളുമാണ്.

എങ്ങും കായലോരമാണ് കാണുവാൻ സാധിക്കുന്നത് .എന്റെ നാടിനെ വ്യത്യസ്തമാക്കുന്നത് കായലോരമാണ് . കാരണം എന്റെ നാട് ചെറിയ ഒരു ദ്വീപാണ്. നാലുപാടും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുകയാണ് ഈ നാട് .എങ്ങും ചെറുവഞ്ചികളും മത്സ്യബന്ധന നൗകകളും കാണാം. നാട്ടുകാരിൽ ഭൂരിഭാഗവും മത്സ്യതൊഴിലാളികളാണ് .മത്സ്യം പിടിച്ച് ജീവിക്കുന്നവരാണ് എന്റെ നാട്ടുക്കാർ.മത്സ്യസമ്പത്ത് എന്റെ നാടിനെ വ്യത്യസ്തമാക്കുന്നു.

ദ്വീപ്‌ന്റെ ഒരു ഭാഗം കടലാണ് വിശാലമായി നീണ്ടുകിടക്കുന്ന അറബിക്കടൽ അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി ഇതിനടുത്താണ് ചീനവലകളുടെ കൂട്ടവും എന്റെ നാടിന്റെ പ്രത്യേകതയാണ് നാടിനെ നഗരവുമായി ബന്ധിപ്പിക്കുന്നത് ഗോശ്രീ പാലങ്ങാളാണ് ബ്രീട്ടിഷുകാർ വന്ന കാലഘട്ടത്തിൽ വൈപ്പിനിൽ പണികഴിപ്പിച്ച പുരാതനമായ കോട്ട അതായത് പള്ളിപ്പുറം കോട്ട ഇന്നും ഒരു പുരാതനമായ കോട്ടയായി നിലകൊള്ളുന്നു .

എന്റെ നാട്ടിൽ എൽ എൻ ജി പോലുള്ള വലിയ ഗ്യാസ് ടെർമിനലും ഉണ്ട് ഇരുട്ടിൽ വെളിച്ചമാകുന്ന ലൈറ്റ് ഹൗസിന്റെസ്ഥാനവും എന്റെ ഈ സുന്ദരമായ നാട്ടിൽ തന്നെ ചില വിശേഷപ്പെട്ട ഉത്സവങ്ങളും മറ്റു ആഘോഷങ്ങളും ഇവിടെ നിലനിൽക്കുന്നു ചില പ്രത്യേക ക്ഷേത്രങ്ങളും ,പള്ളികളും ഇവിടെ നിലനിൽക്കുന്നു

# എത്ര സുന്ദരം

എത്ര മനോഹരമാണ് എന്റെ ഗ്രാമം

എത്ര സുന്ദരം എന്റെ ഗ്രാമം പക്ഷേ

മലകളും പുഴകളും നിറഞ്ഞ എന്റെ ഗ്രാമം

പച്ചപ്പട്ട് വിരിച്ചതുപോവുലുള്ള

പുല്ലുകളും ഇടയ്ക്കിടെ മനോഹരമായ പൂക്കളും

നിറഞ്ഞ എന്റെ ഗ്രാമം

എത്ര സുന്ദരം എന്റെ ഗ്രാമം

പൂക്കൾക്ക് ചുറ്റും മൂളിപ്പറക്കുന്ന

വണ്ടുകളും, പാറിപ്പറക്കുന്ന പൂമ്പാറ്റകളും ഉള്ള

എന്റെ ഗ്രാമം

എത്ര സുന്ദരം എന്റെ ഗ്രാമം

# പാഠം (കവിത)

വെള്ളത്തിൽ മുങ്ങിനിറഞ്ഞു
പുസ്തകങ്ങളും വീടുകളും
മുങ്ങിപ്പോയി കുട്ടികളെ
പഠിക്കുവാൻ പുസ്തകമില്ല-
ങ്കിലെന്തു നല്ലൊരു പാഠമല്ലെ
മനുഷ്യൻ ഭൂമിയോട് ചെയ്ത
ക്രൂരതയാൽ ദൈവം
തന്നൊരു പാഠമല്ലെ പ്രളയം
എത്രയോ പേർ ഒരു
നേരത്തെ അന്നത്തിനായി
കാത്തുനിൽക്കുന്നത്
ജീവിതമെന്തെന്ന് പഠിക്കുവാൻ
ദൈവം തന്നൊരു *കുട്ടിക്കളിയല്ലെ പ്രളയം.*

# കേരളീയ ഗ്രാമം

ആസ്വാദനക്കുറിപ്പ്

*നാട്ടിൻ പുറംഏറേ രമണീയമാണ്. നാട്ടിൻ പുറത്തെ മരങ്ങൾ കിടയിലൂടെ കുളിർക്കാറ്റ് സംഗീതം പൊഴിച്ച് കൊണ്ട് സഞ്ചരിച്ചു.ഗ്രാമത്തിൻെറ ആത്മാവിൽ ചന്ദനത്തിരികളുടെ സുഗന്ധം നിറഞ്ഞുനിന്നു.പച്ചപ്പ് വിരിച്ച പാടശേഘരങ്ങൾ കാറ്റിൽ ആടിക്കളിക്കുന്നത് കാണാം. കാലത്തിൻെറ വേഷപ്പകർച്ചകൾ കൃഷി ഭൂമിയിൽ നിന്ന് മനസ്സിലാക്കാം.കന്നി കൊയ്ത്ത് കഴിയുമ്പോൾ അത് ഉഴുതുമറിച്ച മണ്ണായി മാറുന്ന തുലാമഴ നനഞ്ഞു കുതിർന്ന് വിത്തുകൾ മുളപ്പൊട്ടി തളിരുകൾ പുറത്തുവരുന്നു. ചുറ്റും നിറഞ്ഞ് നിൽക്കുന്ന പച്ചപ്പ് കണ്ണിന് കുളിർമ നൽകുന്ന പ്രഭാതത്തിൽ മഞ്ഞിൻത്തുള്ളികളിൽ നിറഞ്ഞുനിൽക്കുന്ന*

*നെൽച്ചെടികൾ കാണാൻ എന്തു ഭംഗിയാണ് ! കുംഭച്ചൂടിൽ പവിഴവർണ്ണത്തിൽ നെൽക്കതിരുകൾ നിൽക്കുമ്പോൾ കൊയ്ത്തുകാലം എത്തുകയായി. ഋതുക്കളുടെ ഭാവമാറ്റം വയലിൽ നിന്ന് വായിക്കാം.മരക്കൊമ്പിലിരുന്ന് ഒറ്റക്കണ്ണനായ ചകോരം ഉറ്റുനോക്കുന്നതു കാണാം. വയൽക്കരയിൽ കൊറ്റികൾ തപസ്സുചെയ്യുന്നതും കാണാം.ഈ ഗ്രാമ ചിത്രങ്ങൾ മനസ്സിൽ നിന്ന് മായുകയില്ല.*

# ഞാൻ കണ്ട കാഴ്ചകൾ

(യാത്രാവിവരണം)

ഞാൻ എന്റെ അവധിക്കാലത്ത് ആന്റിയുടെ വീട്ടിൽ പോയി. എന്നിട്ട് മൂന്ന് ദിവസം കഴിഞ്ഞപ്പോഴാണ് തിരികെ വീട്ടിലേക്ക് വന്നത്. അവിടെ നല്ല രസമായി-രുന്നു. വയലുകളും പാടങ്ങളുമുള്ള സ്ഥലമാണ് അത്. വീട്ടിൽ തിരിചെത്തി കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ മൂന്നാറിൽ പോയി ഒരു സ്ഥലത്ത് റൂം എടുത്തു. പിറ്റേ ദിവസം ഞങ്ങൾ കറങ്ങി നടന്നു. കുറേ സാധനങ്ങൾ വാങ്ങി. ഉപ്പിലിട്ട നെല്ലിക്കയും ഞങ്ങൾ കഴിച്ചു. വൈകുന്നേരം ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. ഈ യാത്ര എന്റെ സ്വപ്നമായിരുന്നു.

# പ്രളയം (കവിത)

**പ്രളയം....**

**വാർത്തകളിൽ പ്രളയം**

**കണ്ണീരിൻെറ പ്രളയം....**

**മഴദൈവങ്ങൾ കനിഞ്ഞ പ്രളയം**

**എങ്കിലും ദുഃഖം....!**

**ഓർമ്മകൾ മറഞ്ഞു പ്രളയത്തിൽ**

**സ്വപ്നങ്ങൾ ഒഴുകി പ്രളയത്തിൽ**

**ഒടുവിൽ വന്ന പത്രവാർത്തയിൽ**

**ഒരു കടലിരമ്പൽ....!**

**വാർത്തയുടെ ഉള്ളിലിങ്ങനെ**

**ഞാൻ കാത്തിരിക്കുകയാണ്....**

**നീ തിരിച്ചു വരുമെന്ന പ്രതീക്ഷയിൽ**

**പ്രളയം....**

***ഹൃദയത്തിലും വാർത്തയിലും....!***

# മഴ പാട്ട്



മഴ മഴ മഴ മാനത്ത്

കുടകൾ ചൂടി മഴയത്ത്

മുറ്റം നിറയെ മഴവെള്ളം

നിറഞ്ഞു പോയി മഴവെള്ളം

കാർമേഘങ്ങൾ ഇരുണ്ട് കൂടി

കുളം നിറയെ മഴവെള്ളം

# എത്ര സുന്ദരം


# എന്റെ അവധിക്കാലം

---

എന്റെ അവധിക്കാലം വളരെ നല്ലതായിരുന്നു. ഞങ്ങൾ എന്റെ അമ്മയുടെ വീടായ കുട്ടനാട്ടിൽ പോയി. അവിടെ എന്തുരസമാണ്. അവിടത്തെ പ്രകൃതി ഭംഗി കാണുമ്പോൾ തന്നെ അമ്പരന്ന് പോകും. അവിടെ താറാവിൻ കൂട്ടങ്ങൾ ഓടി നടക്കുന്നതും, മീൻ പിടിക്കുന്നതെല്ലാം എന്തു രസമാണ്. ഞാനും എന്റെ അനിയത്തിയും അപ്പാപ്പന്റെ കൂടെ മീൻ പിടിക്കാൻ പോകും, കുറെ മീനുകളെ കിട്ടും കരിമീൻ, പിലോപ്പി,

പള്ളത്തി അങ്ങനെ പല പല മീനുകളെയും കിട്ടും. അതിൽ കരിമീൻ ഞങ്ങൾ പൊള്ളിച്ച് തിന്നും. എന്തു രസമാണ്. ഞങ്ങൾ ഒരു മാസത്തോളം അവിടെ നിന്നു. അവിടെയുള്ള വഞ്ചിയിലൊക്കെ കയറി തുഴഞ്ഞ് കളിക്കും. എനിക്ക് അവിടെ കുറെ കൂട്ടുക്കാരുണ്ട്. ഞങ്ങൾ അവിടെ പോയി കളിക്കും. ഒരു മാസം കഴിഞ്ഞപ്പോൾ ഞങ്ങൾ വീട്ടിലേക്ക് വന്നു. എന്ത് വിഷമമായിരുന്നു. ഇതാണെന്റെ അവധിക്കാല അനുഭവം. ഈ അനുഭവം ഞാൻ ഒരിക്കലും മറക്കുകയില്ല.

# ഗാന്ധിജി



ഗാന്ധിജിയാണ് എന്നെ സ്വാധീനിച്ച വ്യക്തി. ഇന്ത്യയ്ക്ക് സ്വാതന്ത്രം നേടി തന്നത് ഗാന്ധിജിയാണ്.എനിക്ക് വളരെ ഇഷ്ടമാണ് ഗാന്ധിജിയെ.എല്ലാവരുടെയും ഓർമ്മയിൽ ഗാന്ധിജിയുണ്ടാകുന്നു.എല്ലാവരുടെയും പ്രിയപ്പെട്ട ഒരാൾ കൂടിയാണ്.ഗാന്ധിജി പല സമരങ്ങളും ചെയ്തത് രൊണ്ടാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത്.

*ആദിത്യൻ*

# ഞാൻ കണ്ട കാഴ്ചകൾ

ഞാൻ എന്റെ അവധിക്കാലത്ത് ആന്റിയുടെ വീട്ടിൽ പോയി. എന്നിട്ട് മൂന്ന് ദിവസം കഴിഞ്ഞപ്പോഴാണ് തിരികെ വീട്ടിലേക്ക് വന്നത്. അവിടെ നല്ല രസമായിരുന്നു. വയലുകളും പാടങ്ങളുമുള്ള സ്ഥലമാണ്. വീട്ടിൽ തിരിച്ചെത്തി കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ മൂന്നാറിൽ പോയി. അവിടെ റൂമെടുത്തു. പിറ്റേ ദിവസം ഞങ്ങൾ കറങ്ങി നടന്നു. കുറെ സാധനങ്ങൾ വാങ്ങി. ഉപ്പിലിട്ട നെല്ലിക്കയും

കഴിച്ചു. വൈകുന്നേരം ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

ഈ യാത്ര എന്റെ സ്വപ്നമായിരുന്നു.

# ഒരു യാത്രാനുഭവം

എല്ലാവരെയും പോലെ എനിക്കും ഒരു കൊച്ചു യാത്രികാനുഭവമുണ്ട്. എന്റെ മനസ്സിൽ ഇന്നും അത് മായാതെ തങ്ങിനിൽക്കുന്നു. രണ്ട് വർഷങ്ങൾക്ക് മുൻപാണ് ഞങ്ങൾ വയനാട്ടിൽ പോയത്. അവിടെ കണ്ട ആദിവാസസമൂഹത്തെയും അവിടെയുള്ള മനുഷ്യസമൂഹത്തെയും പരിചയപ്പെട്ടു. പിന്നെ പ്രകൃതി സുന്ദരമായ ആ കുറുവാദ്വീപിൽ ഞങ്ങൾ കടത്തുകടന്നാണ് ചെന്നത്. ഞങ്ങൾ എത്തിയതും മരങ്ങളും ചെറിയ ചെടികൾക്കിടയിലൂടെയാണ് അവിടെ എത്തിയത്. അതിനിടയിൽ തുമ്പികളും ചിത്രശലഭങ്ങളും

പാറിപറന്ന് നടക്കുന്നു. കുരങ്ങുകളുടെ കളിയും ചിരിയും ശബ്ദവും കേൾക്കാൻ എന്ത് രസമായിരുന്നെന്നോ. ഇടവഴികളിലൂടെ നടന്നു നീങ്ങിയപ്പോൾ മുള കൊണ്ട് നിർമ്മിച്ച പാലവും അതിലൂടെ കുട്ടികൾ കളിച്ചും ചിരിച്ചും നടക്കുന്നതും കണ്ടു. പാറകളിൽ നിന്നും ഒഴുകിയ വെള്ളം ചിന്നി ചിതറി തെറിച്ചു വരുന്നു. ആ തണുത്ത വെള്ളം എന്തു രസമാണെന്നോ. ആളുകളിൽ നിന്നുണ്ടാകുന്ന സന്തോഷം പറഞ്ഞറിയിക്കാൻ കഴിയില്ല. പാറ പൊട്ടിയുണ്ടാകുന്ന വെള്ളമുണ്ടാകുന്ന പാറക്കെട്ടുകളിലൂടെ ഒഴുകി വരുന്നത്. പിന്നെ അവിടെ നിന്ന് കാടുകളിലൂടെ നടന്ന് ഒരു ഏറുമാടത്തിൽ

കയറാൻ പോയി. എത്ര അടി ഉയരമുള്ള മരമായിരുന്നന്നോ. അതിന്റെ മുകളിലാണ് ഏറുമാടം. ഞങ്ങൾ അതിൽ കയറി മുകളിൽ ചെന്നപ്പോൾ നേരം വൈകിയിരുന്നു. രാത്രിയായി ഞങ്ങൾ അന്ന് അവിടെ തങ്ങി. രാവിലെ ഉണർന്നപ്പോൾ കണ്ട കാഴ്ചകൾ എന്നെ അത്ഭുതപ്പെടുത്തി. സൂര്യ പ്രകാശം തട്ടി എല്ലാവരും എഴുന്നേറ്റു അരുവികളിലൂടെ വെള്ളം ഒഴുകുന്നു. ചെറിയ ഒരു വെള്ളച്ചാട്ടം. ഞങ്ങൾ ആ ഏറുമാടത്തിൽ നിന്ന് താഴേക്ക് ഇറങ്ങി. ഞങ്ങൾ ആ വെള്ളത്തിലൂടെ വടി പിടിച്ചു നടന്നു. ഞങ്ങൾ എന്നിട്ട് ആ കാട്ടിലൂടെ യാത്ര ചെയ്തു. അത് കഴിഞ്ഞ് ഞങ്ങൾ ഒരു മുള കൊണ്ട് നിർമ്മിച്ച ചെറിയ ഒരു വീട്ടിൽ അന്നത്തെ

ദിവസം കഴിച്ചുക്കൂടി. പിറ്റെ ദിവസം രാവിലെ ഞങ്ങൾ അവിടെ നിന്ന് യാത്രയായി. ഞങ്ങൾ അവിടെ നിന്ന് ഇറങ്ങിയപ്പോൾ ആ ആദിവാസ സമൂഹത്തിലെ ഒരു കുട്ടി എനിക്ക് സമ്മാനം നൽകി. ഞാൻ അത് വാങ്ങി യാത്രയായി. ഞാൻ അത് വണ്ടിയിൽ വച്ച് തുറന്ന് നോക്കി. അതിൽ ഒരു ചെറിയ പാവക്കുട്ടി ആയിരുന്നു. ആ പെൺക്കുട്ടി കൈ വച്ച് നിർമ്മിച്ച ചെറിയ പാവ. എനിക്ക് സന്തോഷമായി. ഇതാണ് എന്റെ മനസ്സിൽ എന്നും മായാതെ നിൽക്കുന്ന യാത്രാനുഭവം.

( ശരണ്യ പി)


# പൂമ്പാറ്റ



പാറി നടക്കും പൂമ്പാറ്റേ
പല നിറമുള്ള പൂമ്പാറ്റേ
പൂമ്പൊടി തേടും പൂമ്പാറ്റേ
പൂന്തേൻ നുകരും പൂമ്പാറ്റേ
ഞാനും നീയും ഒരു പോലെ
പൂക്കളോടൊത്ത് കളിച്ചീടാം
പൂകാറ്റിലാടി രസിച്ചീടാം
പൂമണമെങ്ങും പരത്തീടാം
നല്ലതു ചൊല്ലി പഠിച്ചീടാം
നന്മകൾ ചെയ്തു വളർന്നീടാം.

# തകർപ്പൻ അവധിക്കാലം

എന്റെ ഈ പ്രാവശ്യത്തെ അവധിക്കാലം അതിസുന്ദരമായിരുന്നു. ഞാൻ എല്ലാ ദിവസവും കളിക്കാൻ പോകുമായിരുന്നു. പിന്നെ ഞാൻ ആദ്യമായി ട്രെയിനിൽ കയറി. അത് അമ്മയുടെ വീട്ടിൽ പോകാനായിരുന്നു. അവിടെ



പുഴയുള്ള സ്ഥലമാണ്. ഞാൻ വഞ്ചിക്ക് പുഴയിലൂടെ പോകുമായിരുന്നു. ഞാൻ അവിടത്തെ കാഴ്ചകൾ എല്ലാം

കണ്ട് രസിച്ചു. പിന്നെ മിക്ക ദിവസങ്ങളും കൂട്ടുക്കാരൊത്ത് കളിക്കുമായിരുന്നു. അവിടെ കുറെ തുമ്പികളും പൂമ്പാറ്റകളും പറന്നു നടക്കുന്നുണ്ടായിരുന്നു. കുറച്ച് ദിവസം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങി. അവിടെ എന്റെ പ്രിയപ്പെട്ട കൂട്ടുക്കാരൻ വന്നില്ലായിരുന്നു. വൈകുന്നേരം ആയപ്പോഴാണ് അവൻ വന്നത്. അവൻ എന്നെ വന്നു വിളിച്ചു ഞാൻ അവൻെറ ഒപ്പം പോയി കളിച്ചു. ഞങ്ങൾ സൈക്കിളിൽ കറങ്ങാൻ പോയി. എല്ലാം കഴിഞ്ഞ് വന്നപ്പോൾ രാത്രിയായി. ആ ദിവസം ഞാൻ ഒരിക്കലും മറക്കില്ല. ഇതാണ് എന്റെ അവധിക്കാല അനുഭവം.

ഗോകുൽ ദാസ്

# THE HUNGRY MOUSE

A mouse was having a very bad time she could find no food at she iooked here and there. There was no food,and she grew very thin. At last the mouse found a basket full of corn. There was a small hole in the basket and she get through the hole, then she began to eat the corn. Being very hungry she ate a great deal and went on eating and eating she had grown very fat before she felt that she had enough. When the mouse tried to climb out of

the basket. She could not she was too fat to pass through the hole how shall I climb out just then a rat come a long, and he heard the mouse said the rat if you want to climb out of the basket you must wait till you were. when you went in.

Moral of the story is “Think before you leap”

# വായിച്ച് വളരുക

ഇത് ഇലക്ട്രോണിക് മാധ്യമങ്ങളുടെ യുഗം. സ്വാഭാവികമായും വാർത്തകൾക്കും വിനോദത്തിനും അങ്ങോട്ടുതിരിയും. അപ്പോൾ പുസ്തകങ്ങൾ ആവശ്യമില്ലാതെയായി എന്ന തോന്നൽ ഉണ്ടാകും. വായന ഇല്ലാതാവും.

കേരളത്തിലെ ജനകീയ വിദ്യാഭ്യാസ മാർഗമായിരുന്നു വായനശാലകൾ. വായിച്ചുവളരുക എന്ന സന്ദേശം ഗ്രാമീണാന്തരങ്ങളിൽ എത്തിച്ച കവിയായിരുന്നു പി. എൻ പണിക്കരായിരുന്നു ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ ജീവാത്മാവും

പരമാത്മാവും. തികച്ചും ഒരൊറ്റയാൾ പട്ടാളം. അദ്ദേഹത്തിൻെറ സ്മരണയ്ക്കാണ് ജൂൺ 19 വായനാദിനമായി ആചരിക്കുന്നത്. ഒപ്പം വായന നൽകുന്ന ആനന്ദവും അറിവും നമ്മുടെ നാട്ടിൽ പുനർജനിപ്പിക്കാനാവും. ഇന്നും മലയാളി വായിക്കുന്നുണ്ട് ഇവിടെ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളും ആനുകാലികങ്ങളും പ്രചാരം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു അതായത് ഇലക്ട്രാണിക് മാധ്യമങ്ങൾക്ക് കേരളീയരുടെ

വായനാശീലത്തെ തളർത്താൻ കഴിഞ്ഞിട്ടില്ല എന്നർത്ഥം. നമുക്കറിയാം നമ്മുടെ വായന നമ്മുടെ അറിവ് മാത്രമല്ല വർദ്ധിപ്പിക്കുന്നതെന്ന്. അത്

ഭാവനയെയും ചിന്തയെയും ഉത്തേജിപ്പിക്കുന്നു. ഒരു പുസ്തകം വായിക്കുമ്പോൾ നാം ഒരു വലിയ ഹൃദയത്തിൻെറ ചിന്തകളുമായി സംവാദിക്കുകയാണ്. കഴിഞ്ഞ കാലത്തിൻെറ ഒരംശം നമ്മിൽ പുനർജനിപ്പിക്കുകയാണ്. അങ്ങനെ അത് സ്വർഗീയമായ ഒരനുഭൂതിയായി മാറുന്നു. മറ്റൊരു മാധ്യമത്തിനും ഈ അനുഭവം പകർന്നു നൽകാൻ സാധ്യമല്ല.

ഇന്ന് നമ്മുടെ ഗ്രാമിണവായനശാലകൾ ഏതാണ്ട് നിർജീവവസ്ഥയിലാണ്. അപവാദങ്ങൾ ഇല്ലെന്നല്ല. ഒരിക്കൽ കേരളീയരെ വായിക്കാനും ചിന്തിപ്പിക്കാനും പ്രതികരിക്കാനും പഠിപ്പിച്ച ഗ്രന്ഥപ്പുരകൾ

മിക്കതും ഇന്ന് മനുഷ്യസ്പർശമില്ലാതെ കിടക്കുന്നു. അവിടെ നിലനിന്നിരുന്ന കൂട്ടായ്മകളും ചർച്ചകളും ഇല്ലാതായിരിക്കുന്നു. ഇത് മനുഷ്യനെ ഒരു തുരുത്താക്കി മാറ്റുന്നു. ഒന്നും ആരോടും പറയാനില്ലാത്ത തുരുത്ത്. ഇത് മാറണം. വായനശാലകൾ വീണ്ടും സജീവമാക്കണം. മലയാളി വായിച്ചു വളരണം. വായിക്കാതെ വളഞ്ഞു വളരരുത്.

Reshmi Rajesh

# സുന്ദരമീ ഗ്രാമം

വേനലിൽ തുമ്പികൾ വിരുന്നിനെത്തും
വേറിട്ട കാഴ്ചകളാണെന്റെ ഗ്രാമം
വരിനെല്ലാൽ കസവിട്ട വയലേലയും
വഴി നീളേ കൊന്നകൾ താളമേന്തും
കായലിൽ കതിരവനുണരും ചേലിൽ

കാറ്റും മൂളും തണ്ടിലീണം മൂളം
കവിത മൂളി കായലോളം തുള്ളും
*കനവുപോൽ സുന്ദരമാണീ ഗ്രാമം*

# നമുക്ക് നഷ്ടമാകുന്ന ഗ്രാമീണത

ഗ്രാമം ഒരു വികാരമാണ്. യഥാർത്ഥ മനുഷ്യനും മനുഷ്യത്തവും പാടവും തൊടികളും നിറഞ്ഞ ഗ്രാമം. അതാണിന്നു നാഗരികതയുടെ പേരിൽ ഇല്ലാതാകുന്നത്.

ഒരായുസിന്റെ സിംഹഭാവവും മഴയോടും മണ്ണിനോടും മല്ലടിച്ച് പ്രകൃതിയെ കീഴ്പ്പെടുത്തി യ മനുഷ്യരുടെ ലോകം അതായിരുന്നില്ലേ നമ്മുടെ ഗ്രാമം.ഗൂഗിളിൽവില്ലേജ് എന്ന് എന്റർ ചെയ്തു മാത്രം ഗ്രാമത്തെ മനസ്സിലാക്കിയ ഫ്ലാറ്റ് സംസ്കാരി കന്മാർ ഊറ്റിയെടുക്കുന്നത് ഈ ഗ്രമീണതെയാണ്. അവിടത്തെ കല്ലും മണ്ണും മലകളും പുഴകളും അവന് കച്ചവട വസ്തുക്കൾ മാത്രമാണ്. ഷോപ്പിംഗ് മാളുകളിലെ കമ്പ്യൂട്ടർ ഗെയിമുകളിൽ കുട്ടിക്കാലം അറിഞ്ഞ അവന് ആർത്തുല്ല സിച്ചു

കുട്ടിക്കാലം ആഘോഷിക്കുന്ന ആ പുഴകളെയും തൊടികളെയും പരിചയമില്ല. ന്യൂഡിൽസും ബോൺവീറ്റയും തിന്നു കൊഴുത്ത അവന് പ്രകൃതിയുടെ രുചിഭേദ ങ്ങളെ അറിയില്ല.

എസിയുടെ കുളിരിൽ ജീവിച്ചുവന്ന അവന്, മരച്ചില്ല കളെ തഴുകിവന്ന് മനസ്സിനെ കുളിരണിയിക്കുന്ന ഇളം കാറ്റിനെ അറിയില്ല. കച്ചവട സംസ്കാരത്തിന്റെ ഭ്രാന്ത് മൂത്ത അവൻ കാർന്നു തിന്നത് ഒരുപാട് ജീവതങ്ങളെ യും സ്വപ്നങ്ങളെയുമാണ്. യാന്ത്രി ൽകൃത ലോകത്തിന്റെ പല ജനുസിൽപ്പെട്ട ഉപ കരണങ്ങൾ കൊണ്ട് അവർ മണ്ണിനെയും മരങ്ങളെയും കീറിമുറിക്കുന്നു. അവന്റെ ലാഭക്കൊതി കണ്ണിനു അന്ധതയാണ് ശീതീകരിച്ച ഓഫീസ് മുറികളിലെ സുഖവും ഫ്ലാറ്റ് ഫുഡ് സംസ്കാരവുമേ അവൻ അറിയൂ. മനസ്സിനെ കുളിരണിയിക്കുന്ന സ്നേഹവും സാഹോദര്യവും നിറഞ്ഞ ഗ്രാമീണ ജീവിതം അവന് കാണാൻ കഴിയില്ല.കാരണം അവനൊരു നാഗരിക

ജീവിയാണ്.അവന്റെ മുമ്പിൽ കുന്ന് കൂടുന്ന കോടികൾക്ക്

മുമ്പിൽ ഗ്രാമത്തിന്റെ

നാണയത്തുട്ടുകൾക്ക് വിലയില്ല. പണം കുന്ന് കുട്ടാൻ

അവൻ കുടിവെള്ള സ്രോതസ്സുകൾ അടച്ചുറപ്പിച്ചു. അതിനു

മുകളിൽ അവൻ കുപ്പിവെള്ള ഫാക്ടറി പണിയുന്നു.

ആയിരങ്ങൾക്ക് അന്നം കിട്ടുന്ന വയലുകൾ മണ്ണിട്ട് നികത്തി

അവൻ ഫാറ്റുകൾ കെ ട്ടിപ്പൊക്കുന്നു. നശിക്കുന്നത് ഒരു

ഗ്രമീണസംസ്കാരം. 'ഗ്രാമീണത' ഇനി അവന്റെ സ്മാർ ട്ട്

ക്ലാസ്സ് റൂമുകളിൽ മറ്റൊരു സിന്ധു

നദിതടസംസ്കാരത്തിന്റെ ചാപ്റ്റർ ആയി മാറുന്നു.

പ്രകൃതിയെ നശിപ്പിക്കുന്നതിനു വികസനത്തിന്റെ പേര്

നൽകി നാഗരികന് മാത്രം കൂട്ട് നിൽക്കുന്ന

രാഷ്ട്രീയക്കാർ........

ഈ പാടത്തും പറമ്പുകളിലുമാണ് തങ്ങളുടെ

പ്രസ്ഥാനങ്ങൾ ഉയർന്നു വന്നതെന്ന് മറന്ന് പോയോ ?

***“ഓർക്കുക ഗ്രാമമേ കാത്തിരിക്കേണ്ടാരെയും, നീ***

***വളർത്തിയവരെല്ലാം നിന്നെ മറന്നിരിക്കുന്നു,***

***പെറ്റമ്മയെ മറന്നിരിക്കുന്നു***

***മനു ഷ്യൻ പോറ്റമ്മയായ നിന്നെ***

***മറക്കാതിരിക്കുമോ?”***

# അടുക്കളയും അമ്മയും

നമ്മുടെ അമ്മമാരാണ് ഏറ്റവും വലിയ ശാസ്ത്രജ്ഞയും ഡോക്ടേഴ്സും. അടുക്കളയാണ് പരീക്ഷണശാല .പരീക്ഷണങ്ങൾ ചായയിൽ നിന്നും തുടങ്ങുന്നു.ചായ ഉണ്ടാക്കുമ്പോൾ പാത്രം മൂടിവച്ച് തിളപ്പിച്ചാൽ വെള്ളം പെട്ടന്ന് തിളക്കും എന്ന യാഥാർഥ്യം മനസ്സിലാക്കുന്ന. ഇനി അളവുകളുടെ കാര്യമെടുക്കാം, ഓരോ ഭക്ഷണത്തിലും അടങ്ങിയിരിക്കുന്ന പദാർത്ഥങ്ങൾ എത്ര അളവിൽ ചേർക്കണമെന്ന് അമ്മയ്ക്ക് ശരിക്കും അറിയാം .അതിൽ ഒന്നിനെ അളവ് മാറിപ്പോയാൽ സ്വാദ് കുറയും.അതുപോലെ അടുക്കളയിലെ പലസാധനങ്ങളും പല പല രോഗങ്ങൾക്ക് നിവാരണം ഉണ്ടാകുമെന്നും അമ്മയ്ക്ക് അറിയാം.

അതുകൂടാതെ അമ്മയുടെ ഓരോ പ്രവൃത്തികൾ നമുക്ക് നല്ല മാർഗ്ഗദർശികളാണ് .അതായത് അമ്മയാണ് ആദ്യത്തെ ടീച്ചർ.

N.K.Seena

Headmistress